പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2492 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകാരികൾക്ക് മടക്കി നൽകാനുള്ള തുകകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജ്യോതികുമാർ ചാമക്കാല ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) ഭരണസമിതികളുടെ കെടുകാര്യസ്ഥത മൂലം നഷ്ടത്തിൽ ആയെന്ന് പറയപ്പെടുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും സഹകാരികൾക്ക് മടക്കി നൽകാനുള്ള തുകകൾ നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

മറുപടി: ഭരണസമിതികളുടെ കെടുകാര്യസ്ഥത മൂലം നഷ്ടത്തിൽ ആയെന്ന് പറയപ്പെടുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും സഹകാരികൾക്ക് മടക്കി നൽകാനുള്ള തുകകൾ നൽകാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1) വിശ്വാസ് പദ്ധതി

സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് ഉള്ള പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സഹകരണ മേഖലയുടെ വിശ്വാസ്യത കാത്തു സൂക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

ഇതിന്റെ ഭാഗമായി, ജില്ലാ തലത്തിൽ നിക്ഷേപകർക്ക് പണം തിരികെ നൽകാനാകാതെ പ്രതിസന്ധി നേരിടുന്ന 450 സഹകരണ സംഘങ്ങളുടെ കൃത്യമായ വിവരങ്ങൾ അതിനുള്ള കാരണങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് ശേഖരിച്ചിട്ടുണ്ട്. കൂടാതെ, നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ ചേരാതെ മാറി നിൽക്കുന്ന മുഴുവൻ സംഘങ്ങളേയും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് എല്ലാ നിക്ഷേപങ്ങൾക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018

സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായാണ് 'കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, രൂപീകരിച്ചിട്ടുള്ളത്. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്നതും പ്രസ്തുത സ്കീമിൽ അംഗങ്ങളായതുമായ സംഘങ്ങൾ ലിക്വിഡേഷനിലാവുന്ന സാഹചര്യത്തിൽ, നിക്ഷേപകർക്ക് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ നൽകുന്നു.

നിക്ഷേപകൻ അധിക വിഹിതം അടയ്ക്കുന്ന പക്ഷം, ക്ലെയിം തുക പരമാവധി 10 ലക്ഷം രൂപവരെ നൽകുന്നതിനും നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

ലിക്വിഡേഷനിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് പുറമെ, അഴിമതി, സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ മൂലമല്ലാതെ മറ്റ് കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലായതും എന്നാൽ ലിക്വിഡേഷനിൽ ഉൾപ്പെടാത്തതുമായ സംഘങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കത്തക്ക വിധത്തിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ